# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1457** — **10.02.2020 ൽ മറുപടിയ്ക്ക്**

## സുഗന്ധവിള വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി. സി.കെ. ആശ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സുഗന്ധവിളകളുടെ വികസനത്തിനായി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | എ) സുഗന്ധ വിളകളുടെ വികസനത്തിനായി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. സുഗന്ധവിള വികസന പദ്ധതി 2019-20 പ്രകാരം കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ, കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, കുരുമുളക് തോട്ടങ്ങളുടെ കൃഷി വ്യാപനം എന്നീ പദ്ധതി ഘടകങ്ങൾക്കു പുറമേ ഇടുക്കി ജില്ലയിലെ കുരുമുളക് തോട്ടങ്ങളുടെ സമഗ്ര വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2. വയനാട് പാക്കേജിലൂടെ വയനാട് ജില്ലയിലെ കുരുമുളക് കൃഷിയുടെ സമഗ്ര വികസനത്തിനായി വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്.<br>സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ സുഗന്ധ വ്യഞ്ജന വിളകളുടെ വിളവിസ്തൃതി വ്യാപനത്തിനും നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് ധനസഹായം നൽകി വരുന്നു. വിള വിസ്തൃതി വ്യാപനം ഘടകത്തിൽ ഉൾപ്പെടുത്തി ജാതി, ഗ്രാമ്പൂ, കറുവപ്പട്ട, കുരുമുളക് എന്നിവ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറൊന്നിന് 20,000/- രൂപയും ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറൊന്നിന് 12,000/- രൂപയും ധനസഹായം നൽകുന്നു. |

| | |
|---|---|
| ബി) ഏതൊക്കെ സുഗന്ധവിളകളുടെ വികസനത്തിനും കൃഷി വ്യാപനത്തിനുമാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് വ്യക്തമാക്കാമോ; | ബി) സുഗന്ധവിള വികസന പദ്ധതി പ്രകാരം കുരുമുളക്, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ വികസനത്തിനും വ്യാപനത്തിനും പുനരുജ്ജീവനത്തിനുമാണ് സർക്കാർ ഊന്നൽ നൽകുന്നത്. |
| സി) സുഗന്ധവിള വികസന പദ്ധതിയുടെ ഭാഗമായി നടത്തുന്ന പുതുകൃഷിയുടെയും കൃഷി പുനരുദ്ധാരണത്തിന്റെയും വിവരങ്ങൾ ലഭ്യമാക്കാമോ;<br><br>ഡി) പ്രസ്തുത പദ്ധതിയിൽ വിവിധ വിളകൾക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ? | സി) & ഡി) സുഗന്ധവിള വികസന പദ്ധതിയുടെ ഭാഗമായി നടത്തുന്ന പുതു കൃഷി പ്രകാരം കുരുമുളക്, ജാതി ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 875 ഹെക്ടറിൽ കുരുമുളകിനും, 136 ഹെക്ടറിൽ ഇഞ്ചി, മഞ്ഞൾ എന്നിവയ്ക്കും, 6.5 ഹെക്ടറിൽ ജാതി, ഗ്രാമ്പൂ എന്നിവയുടെയും കൃഷി വിസ്തൃതി വർദ്ധിപ്പിക്കാനും പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>സുഗന്ധവിള വികസന പദ്ധതി പ്രകാരമുള്ള കൃഷി പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 2500 ഹെക്ടറിൽ കുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഉത്പാദന ക്ഷമത കുറഞ്ഞ തോട്ടങ്ങളിൽ പഴയ കുരുമുളക് വള്ളികൾ മാറ്റി പുതിയവ വച്ചുപിടിപ്പിക്കുക, രോഗ കീടനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നിവ ഈ പദ്ധതി വഴി നടപ്പിലാക്കുന്നു. ഇതിനു വേണ്ടിവരുന്ന ആകെ കൃഷി ചെലവിന്റെ 50% തുക ധനസഹായമായി (10,000/ ഹെക്ടറിന്) നൽകി വരുന്നു. 2019-20 വർഷത്തിൽ 250 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയിൽ വിവിധ വിളകൾക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

| | | ഭൗതിക ലക്ഷ്യം | സാമ്പത്തിക ലക്ഷ്യം (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾക്ക് (30,000/- രൂപ/നഴ്സറി പ്രകാരം) | 10 എണ്ണം | 3 ലക്ഷം |
| 2 | കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം ഹെക്ടറിന് 10,000/- രൂപ വീതം | 2500 ഹെക്ടറിൽ | 250.00 |
| 3 | കുരുമുളക് തോട്ടത്തിന്റെ കൃഷി വ്യാപനം ഹെക്ടറിന് 20,000/- രൂപ വീതം | 875 ഹെക്ടറിൽ | 175.00 |
| 4 | ഇഞ്ചി, മഞ്ഞൾ തോട്ടത്തിന്റെ കൃഷി വ്യാപനം (12,500/- രൂപ വീതം) | 136 ഹെക്ടറിൽ | 17.00 |
| 5 | ജാതി, ഗ്രാമ്പൂ തോട്ടത്തിന്റെ കൃഷി വ്യാപനം ഹെക്ടറിന് 20,000/- രൂപ വീതം | 605 ഹെക്ടറിൽ | 1.25574 |

**ഇടുക്കി പാക്കേജ്**

(സമഗ്ര കുരുമുളക് വികസനം)

**(ആകെ 500 ലക്ഷം രൂപ)**

(പ്രവർത്തന ചെലവ്, യാത്രാ ചെലവ് ഉൾപ്പെടെ)

| | | | |
|---|---|---|---|
| 1 | കുരുമുളക് തോട്ടങ്ങളുടെ കൃഷി വ്യാപനം ഹെക്ടറിന് 20,000/- രൂപ വീതം | 1250 ഹെക്ടറിൽ | 250 ലക്ഷം |
| 2 | കൃഷിക്കാർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടം (0.1 ഹെക്ടറിന് 10,000/- രൂപ വീതം) | 10 Plots | 1 ലക്ഷം |
| 3 | സെക്കന്ററി, സൂക്ഷ്മ മൂലകങ്ങൾക്ക് ധനസഹായം (ഹെക്ടറിന് 500 രൂപ വീതം) | 1000 ഹെക്ടറിൽ | 5.0 ലക്ഷം |
| 4 | സോയിൽ അമിലിയോറൻസിന് ധനസഹായം (ഹെക്ടറിന് 5400/- രൂപ വീതം) | 1000 ഹെക്ടറിൽ | 54 ലക്ഷം |
| 5 | ദ്രുതവാട്ടത്തിനെതിരെ മുൻകരുതൽ നടപടിയായി രോഗനിയന്ത്രണം (ഹെക്ടറിന് 10,000/- രൂപ നിരക്കിൽ) | 1750 ഹെക്ടറിൽ | 175 ലക്ഷം |
| 6 | കുരുമുളക് സമിതികളുടെ പുനരുജ്ജീവനം (ഹെക്ടറിന് 25,000/- രൂപ നിരക്കിൽ) | 44 സമിതികൾക്ക് | 11 ലക്ഷം |

Mayap

സെക്ഷൻ ഓഫീസർ